**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1168** **04-07-2022 - ൽ മറുപടിയ്ക്ക്**

**റോഡ് നിർമ്മാണ വേളയിലെ മുന്നറിയിപ്പ് സംവിധാനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. മാണി. സി. കാപ്പൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | റോഡ് നിർമ്മാണ വേളയിൽ വേണ്ടത്ര മുന്നറിയിപ്പ് സംവിധാനങ്ങൾ ഏർപ്പെടുത്താത്തത് മൂലം അപകടങ്ങൾ സംഭവിക്കുന്നത് സംബന്ധിച്ച ഹൈക്കോടതി പരാമർശം സർക്കാർ വിലയിരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | റോഡ് നിർമ്മാണ വേളയിൽ വേണ്ടത്ര മുന്നറിയിപ്പ് സംവിധാനങ്ങൾ ഏർപ്പെടുത്താത്തതുമൂലം അപകടങ്ങൾ സംബന്ധിച്ച് ഹൈക്കോടതി പരാമർശം വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ നിർമ്മാണ മേഖലകളിൽ ഏർപ്പെടുത്തേണ്ട സുരക്ഷാ മുൻകരുതലുകൾ സംബന്ധിച്ച കർശ്ശന നിർദ്ദേശങ്ങൾ 08/06/2022-ലെ CEPWD/12100/2020 – Vig.AD നമ്പർ സർക്കുലർ പ്രകാരം ഭരണ വിഭാഗം ചീഫ് എഞ്ചിനീയർ പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>റോഡുകളുടെയും പാലങ്ങളുടെയും നിർമ്മാണം നടക്കുന്ന മേഖലകളിൽ പാലിക്കേണ്ട സുരക്ഷ സംവിധാനങ്ങളെ സംബന്ധിച്ച മാനദണ്ഡങ്ങൾ IRC SP55-2014-ൽ നിഷ്കർഷിച്ചിട്ടുണ്ട്. നിർമ്മാണ മേഖലകളിലെ തൊഴിലാളികളുടെയും കാൽനടയാത്രക്കാരുടെയും, വാഹന ഉപഭോക്താക്കളുടെയും സുരക്ഷിതത്വത്തിന് സ്വീകരിക്കേണ്ട നടപടികൾ ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നു. നിർമ്മാണ മേഖലകളിൽ കോൺട്രാക്ടറുടെ ഉത്തരവാദിത്വത്തിൽ സ്വീകരിക്കേണ്ട സുരക്ഷ ക്രമീകരണങ്ങളെ സംബന്ധിച്ച് കരാർ വ്യവസ്ഥയുടെ ഭാഗമായുള്ള Standard Bid Document-ൽ പരമാർശിച്ചിട്ടുണ്ട്. പ്രസ്തുത സുരക്ഷ സംവിധാനങ്ങളുടെ കാര്യക്ഷമത ഉറപ്പാക്കുന്നതും ആയവ പ്രസ്തുത നിർമ്മാണത്തിന് അനുയോജ്യമാണെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. നിർമ്മാണ മേഖലകളിൽ പ്രത്യേകിച്ച് രാത്രികാലങ്ങളിൽ Visibilityഉറപ്പു വരുത്തുന്നതിനായുള്ള വെളിച്ചത്തിനുള്ള ക്രമീകരണങ്ങളും കോൺട്രാക്ടർ ഉറപ്പുവരുത്തണം. |

| | | | |
|---|---|---|---|
| | | | നിരത്തു വിഭാഗം ചീഫ് എഞ്ചിനീയറുടെ 05.11.2019-ലെ കത്ത് നം. GL(Tech)/CE/R&B/RSW/2018-111 പ്രകാരം നിർമ്മാണ മേഖലകളിൽ പാലിക്കേണ്ട വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പൊതുമരാമത്ത് വകുപ്പിലെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 2012-ലെ പുതുക്കിയ പി.ഡബ്ല്യൂ.ഡി മാന്വലിൽ ക്ലോസ് 2107, 2407.23, അപ്പന്റിക്സ് 2100, സെക്ഷൻ 1000 എന്നിവയിൽ സുരക്ഷ മുൻകരുതലുകൾ സ്വീകരിക്കേണ്ടതിനെക്കുറിച്ച് പരാമർശിക്കുന്നുണ്ട്.<br><br>പ്രസ്തുത സർക്കുലറുകളിലേയും പൊതുമരാമത്ത് വകുപ്പ് മാന്വലിലെയും നിർദ്ദേശങ്ങൾ നിർമ്മാണ മേഖലകളിൽ പാലിക്കുന്നുണ്ടോ എന്ന് ബന്ധപ്പെട്ട ഓഫീസർ ഉറപ്പ് വരുത്തേണ്ടതും ആയതിൽ വീഴ്ച വരുത്തിയാൽ ഡിപ്പാർട്ടുമെന്റ് നടപടിക്രമങ്ങൾക്ക് വിധേയരാകുന്നതുമാണ്. സുരക്ഷാ മുൻകരുതലുകൾ ഏർപ്പെടുത്തുന്നതിൽ കരാറുകാരന്റെ ഭാഗത്ത് നിന്നുമുള്ള അനാസ്ഥയ്ക്ക് പൊതുമരാമത്ത് മാന്വലിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം പ്രവൃത്തി നിർത്തി വയ്ക്കുന്നതിനും, എഗ്രിമെന്റ് റദ്ദാക്കി പ്രവൃത്തിയിൽ നിന്നും ഒഴിവാക്കുന്നതിനും തുടങ്ങി കുറ്റകൃത്യത്തിന്റെ ഗുരുതര സ്വഭാവത്തിന്റെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിക്കുന്നതുമാണ്. |
| (ബി) | ഇത്തരത്തിലുണ്ടാകുന്ന അപകടങ്ങൾ തടയുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; | (ബി) | റോഡ് നിർമ്മാണ വേളയിൽ വേണ്ടത്ര മുന്നറിയിപ്പ് സംവിധാനങ്ങൾ ഏർപ്പെടുത്താത്തതുമൂലം അപകടങ്ങൾ സംബന്ധിച്ച് ഹൈക്കോടതി പരാമർശം വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ നിർമ്മാണ മേഖലകളിൽ ഏർപ്പെടുത്തേണ്ട സുരക്ഷാ മുൻകരുതലുകൾ സംബന്ധിച്ച കർശ്ശന നിർദ്ദേശങ്ങൾ 08/06/2022-ലെ CEPWD/12100/2020 – Vig.AD നമ്പർ സർക്കുലർ പ്രകാരം ഭരണ വിഭാഗം ചീഫ് എഞ്ചിനീയർ പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>റോഡുകളുടെയും പാലങ്ങളുടെയും നിർമ്മാണം നടക്കുന്ന മേഖലകളിൽ പാലിക്കേണ്ട സുരക്ഷ സംവിധാനങ്ങളെ സംബന്ധിച്ച മാനദണ്ഡങ്ങൾ IRC SP55-2014-ൽ നിഷ്കർഷിച്ചിട്ടുണ്ട്. നിർമ്മാണ മേഖലകളിലെ തൊഴിലാളികളുടെയും കാൽനടയാത്രക്കാരുടെയും, വാഹന ഉപഭോക്താക്കളുടെയും സുരക്ഷിതത്വത്തിന് സ്വീകരിക്കേണ്ട നടപടികൾ ഇതിൽ |

| | | | |
|---|---|---|---|
| | | | ഉൾപ്പെടുത്തിയിരിക്കുന്നു. നിർമ്മാണ മേഖലകളിൽ കോൺട്രാക്ടറുടെ ഉത്തരവാദിത്വത്തിൽ സ്വീകരിക്കേണ്ട സുരക്ഷ ക്രമീകരണങ്ങളെ സംബന്ധിച്ച് കരാർ വ്യവസ്ഥയുടെ ഭാഗമായുള്ള Standard Bid Document-ൽ പരമാർശിച്ചിട്ടുണ്ട്. പ്രസ്തുത സുരക്ഷ സംവിധാനങ്ങളുടെ കാര്യക്ഷമത ഉറപ്പാക്കുന്നതും ആയവ പ്രസ്തുത നിർമ്മാണത്തിന് അനുയോജ്യമാണെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. നിർമ്മാണ മേഖലകളിൽ പ്രത്യേകിച്ച് രാത്രികാലങ്ങളിൽ Visibilityഉറപ്പു വരുത്തുന്നതിനായുള്ളവെളിച്ചത്തിനുള്ള ക്രമീകരണങ്ങളും കോൺട്രാക്ടർ ഉറപ്പുവരുത്തണം. നിരത്തു വിഭാഗം ചീഫ് എഞ്ചിനീയറുടെ 05.11.2019-ലെ കത്ത് നം. GL(Tech)/CE/R&B/RSW/2018-111 പ്രകാരം നിർമ്മാണ മേഖലകളിൽ പാലിക്കേണ്ട വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പൊതുമരാമത്ത് വകുപ്പിലെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 2012-ലെ പുതുക്കിയ പി.ഡബ്ല്യു.ഡി മാന്വലിൽ ക്ലോസ് 2107, 2407.23, അപ്പന്റിക്സ് 2100, സെക്ഷൻ 1000 എന്നിവയിൽ സുരക്ഷ മുൻകരുതലുകൾ സ്വീകരിക്കേണ്ടതിനെക്കുറിച്ച് പരാമർശിക്കുന്നുണ്ട്.<br><br>പ്രസ്തുത സർക്കുലറുകളിലേയും പൊതുമരാമത്ത് വകുപ്പ് മാന്വലിലെയും നിർദ്ദേശങ്ങൾ നിർമ്മാണ മേഖലകളിൽ പാലിക്കുന്നുണ്ടോ എന്ന് ബന്ധപ്പെട്ട ഓഫീസർ ഉറപ്പു വരുത്തേണ്ടതും ആയതിൽ വീഴ്ച വരുത്തിയാൽ ഡിപ്പാർട്ടുമെന്റ് നടപടിക്രമങ്ങൾക്ക് വിധേയരാകുന്നതുമാണ്. സുരക്ഷാ മുൻകരുതലുകൾ ഏർപ്പെടുത്തുന്നതിൽ കരാറുകാരന്റെ ഭാഗത്ത് നിന്നുമുള്ള അനാസ്ഥയ്ക്ക് പൊതുമരാമത്ത് മാന്വലിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം പ്രവൃത്തി നിർത്തി വയ്ക്കുന്നതിനും, എഗ്രിമെന്റ് റദ്ദാക്കി പ്രവൃത്തിയിൽ നിന്നും ഒഴിവാക്കുന്നതിനും തുടങ്ങി കുറ്റകൃത്യത്തിന്റെ ഗുരുതര സ്വഭാവത്തിന്റെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിക്കുന്നതുമാണ്. |
| (സി) | അപകടത്തിൽപ്പെട്ടവർക്ക് യഥാസമയം അർഹമായ നഷ്ടപരിഹാരം നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | (സി) | സുരക്ഷാക്രമീകരണങ്ങളിലുണ്ടാകുന്ന വീഴ്ച്ചമൂലം ഏതെങ്കിലും തരത്തിൽ അപകടം ഉണ്ടായാൽ അതിന് നഷ്ട പരിഹാരം നൽകുന്നതിനുള്ള ഉത്തരവാദിത്വം കരാറുകാരനിൽ നിക്ഷിപ്തമാണ്. അത്തരത്തിലുള്ള നഷ്ടപരിഹാരം നൽകുന്നതിൽ വീഴ്ച വരുത്തിയാൽ ടി കരാറുകാരന്റെ ബിൽ തുകയിൽ |

| | | | |
|---|---|---|---|
| | | | നിന്നും നഷ്ടപരിഹാരം ഈടാക്കുന്നതിന് വേണ്ട നടപടികൾ കൈകൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ